ഇപ്പോൾ നാലഞ്ച് പേർ ഒരപകടത്തിൽ തന്നെ മരിക്കുന്നു. അപകടം സംഭവിക്കുന്നവരെ ആശുപത്രിയിൽ എത്തിക്കുന്നതിനുപോലും ഇപ്പോൾ കഴിയുന്നില്ല. അത്രമാത്രം ഗതാഗതകുരുക്കാണ്. ഇതൊഴിവാക്കുന്നതിനു വേണ്ടി ധാരാളം ശ്രമം നടത്തിയിരുന്നു. ഇപ്പോൾ ആ ദേശീയ പാത നാലു വരിപ്പാതയാക്കാൻ അനുവദിച്ചിട്ടുണ്ടെങ്കിലും അതിന്റെ നടപടിയൊന്നും നടക്കുന്നില്ല. അടിയന്തരമായി അതിനുള്ള നടപടി സ്വീകരിക്കണം. അതു പോലെതന്നെ പ്രധാനപ്പെട്ട മറ്റൊരു കാര്യം കഴിഞ്ഞ പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ കാലത്ത് അന്നത്തെ എം.എൽ.എ.മാരേയും കേന്ദ്രമന്ത്രിയേയും വിളിച്ച് ഒരു തീരുമാനമെടുത്തിരുന്നു. ഈ റോഡപകടങ്ങൾ കുറയ്ക്കുന്നതിന് 42 ബസ്സ് ബേ അടിയന്തരമായി നിർമ്മിക്കാം. അപ്പോൾ കെ.എസ്. ആർ.ടി.സി. ബസ്സുകൾ റോഡിൽ നിന്ന് മാറ്റി നിർത്തി റോഡുകൾ സുഗമമായി ഗതാഗതത്തിന് തുറന്നുകൊടുക്കുന്നതിന് വഴിയൊരുക്കിക്കൊടുക്കാമെന്നാണ് തീരുമാനിച്ചത്. അടിയന്തരമായി ബസ് ബേ എങ്കിലും നിർമ്മിക്കുന്നതിന് തയ്യാറാകണം. അതുപോലെ നാലുവരിപ്പാത ആക്കുന്നതിനുള്ള നടപടി അടിയന്തരമായി തുടങ്ങണം. അതോടൊപ്പം ചില പ്രത്യേക പോയിന്റുകളിലാണ് അപകടങ്ങൾ സ്ഥിരമായി ഉണ്ടാകുന്നത്. ആ പോയിന്റിൽ അപകടം ഒഴിവാക്കുന്നതിനുള്ള നടപടി കൂടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ, കരമന മുതൽ കളിയിക്കാവിളവരെ അപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി പ്രസ്തുത റോഡ് സംസ്ഥാന സർക്കാർ ഫണ്ടുപയോഗിച്ച് നാല് വരി പാതയാക്കാൻ 640 കോടി രൂപയുടെ റഫ്കോസ്റ്റ് എസ്റ്റിമേറ്റ് തത്വത്തിൽ അംഗീകരിക്കുകയും അതിന്റെ ഒന്നാം ഘട്ടമായി കരമന പാലം മുതൽ വഴിമുക്കുവരെ 12 കിലോ മീറ്റർ സ്ഥലമെടുപ്പിനായി 100 കോടി രൂപയുടെ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. 30.2 മീറ്റർ വീതിയിൽ സ്ഥലമെടുത്ത് നാല് വരിപ്പാത നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ ബസ്ബേകൾ, സെൻട്രൽ മീഡിയം, നടപ്പാത, സുരക്ഷാസംവിധാനങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. കരമന മുതൽ കളിയിക്കാവിള വരെ ഉണ്ടാകുന്ന റോഡപകടങ്ങൾക്ക് താൽക്കാലിക പരിഹാരമായി 21 ബസ്ബേകൾ നിർമ്മിക്കാനായി 4.9 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ വർഷം തന്നെ ഇത് പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

(8) ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന റോപ് വേ നിർമ്മാണം

ശ്രീ. ബി. ഡി. ദേവസ്സി : സർ, തുമ്പൂർമുഴി, ഏഴാറ്റുമുഖം ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി റോപ് വേ നിർമ്മിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ. ചാലക്കുടിപ്പുഴയുടെ ഇരുകരകളിലുമായി സ്ഥിതിചെയ്യുന്ന രണ്ട് ടൂറിസ്റ്റ് കേന്ദ്രങ്ങളാണ് തുമ്പൂർമുഴിയും ഏഴാറ്റുമുഖവും. അതിരപ്പിള്ളി, വാഴച്ചാൽ എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളോട് ചേർന്നുകിടക്കുന്ന തുമ്പൂർമുഴി ദിനം

LIBRARY ARCHIVES Kerala Legislative Assembly

പ്രതി നൂറുകണക്കിന് സഞ്ചാരികൾ എത്തിച്ചേരുന്ന ടൂറിസ്റ്റ് കേന്ദ്രമാണ്. ഏഴാറ്റുമുഖത്തും ധാരാളം ടൂറിസ്റ്റുകൾ എത്തിച്ചേരുന്നുണ്ട്. ഈ രണ്ട് ടൂറിസ്റ്റ് കേന്ദ്രങ്ങളിലും എത്തിച്ചേരുന്ന സഞ്ചാരികൾക്ക് ഉപകാരപ്രദമാകുന്ന വിധത്തിൽ ഈ രണ്ട് ടൂറിസ്റ്റ് കേന്ദ്രങ്ങളേയും ബന്ധിപ്പിച്ചുകൊണ്ട് ഒരു റോപ് വേ നിർമ്മിക്കുകയാണെങ്കിൽ അത് ഈ മേഖലയിലെ ടൂറിസം വികസനത്തിന് വളരെയേറെ ഗുണകരമായിരിക്കും. ആയതിനാൽ തുമ്പൂർമുഴിയേയും ഏഴാറ്റുമുഖത്തേയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഒരു റോപ് വേ നിർമ്മിക്കാൻ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, തുമ്പൂർമുഴി, ഏഴാറ്റുമുഖം എന്നിവ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളായി വളർന്നുവരികയാണ്. ഈ രണ്ട് കേന്ദ്രങ്ങളേയും ബന്ധിപ്പിച്ചുകൊണ്ടുള്ള വിനോദസഞ്ചാരത്തിനുതകുന്ന വിധത്തിലുള്ള റോപ് വേ, കേബിൾ കാർ എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന ഒരു നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങളിലാണ് ഇത് നടപ്പാക്കേണ്ടത്. അതുകൊണ്ട് ഇറിഗേഷൻ വകുപ്പും ടൂറിസം വകുപ്പും കൂടിയാലോചിച്ചുകൊണ്ട് ഇക്കാര്യം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇത് വേഗത്തപ്പെടുത്തുന്നതിനുവേണ്ടി രണ്ട് ഡിപ്പാർട്ടുമെന്റുകൾ തമ്മിൽ കൂടിയാലോചിച്ചുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കാൻ മുൻകൈ എടുക്കുന്നതാണ്.

(2) സഹ്ല ഷഹീന പ്ലസ് ടു പരീക്ഷയിൽ തോൽക്കാനിടയായ സാഹചര്യം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, 2008-2010 അധ്യയന വർഷം പാലക്കാട് ജില്ലയിലെ പി.ടി.എം. ഹയർസെക്കണ്ടറി സ്ക്കൂളിൽ ബയോളജി വിദ്യാർത്ഥിയായിരുന്ന സഹ്ല ഷഹീന എന്ന കുട്ടിക്കുണ്ടായ അതീവ ഗുരുതരമായ ഒരു ദുരവസ്ഥയാണ് ഇവിടെ അവതരിപ്പിക്കുന്നത്. പഠനത്തിൽ ഉന്നതനിലവാരം പുലർത്തിയിരുന്ന ഈ കുട്ടി 2010 മാർച്ച് മാസം നടന്ന പ്ലസ് ടു പരീക്ഷയിൽ കണക്കിന് 98 മാർക്ക് കിട്ടുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. പക്ഷേ, ഈ കുട്ടിക്ക് 24 മാർക്ക് മാത്രമാണ് ലഭിച്ചത്. പ്ലസ് വൺ പരീക്ഷയിൽ 95 മാർക്ക് ഈ കുട്ടിക്ക് കിട്ടിയിരുന്നു. എസ്.എസ്.എൽ.സി.യിലും പ്രശസ്തമായ വിജയം നേടിയ ഒരു കുട്ടിയാണ്. ഈ ഗുരുതരമായ അബദ്ധം പേപ്പർ വാല്യുവേഷനിൽ സംഭവിച്ചുവെന്ന് മനസ്സിലാക്കി 14-5-2010-ന് ഹയർസെക്കണ്ടറി ഡയറക്ടർക്ക് ഈ കുട്ടി പരാതി നൽകിയെങ്കിലും നടപടിയുണ്ടായില്ല. റീവാല്യുവേഷനും സൂക്ഷ്മപരിശോധനയ്ക്കും വേണ്ടി അപേക്ഷിച്ചുവെങ്കിലും മാറ്റമുണ്ടായില്ല. പിന്നീട് 13-7-2010-ന് അപേക്ഷിച്ചപ്രകാരം ഡയറക്ടറേറ്റിൽ നിന്ന് ഉത്തരകടലാസ്സിന്റെ ഫോട്ടോകോപ്പി കിട്ടി. കണക്ക് പരീക്ഷയ്ക്ക് കുട്ടി 13

LIBRARY ARCHIVES Kerala Legislative Assembly